# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1962 | 05.10.2016 -ൽ മറുപടിയ്ക്ക്

**<u>ഭൂഗർഭ ജലത്തിന്റെ അളവ്</u>**

<u>ചോദ്യം</u>

ശ്രീ.പി.ടി.തോമസ്

ശ്രീ.വി.ടി.ബൽറാം

<u>മറുപടി</u>

ശ്രീ.മാത്യു ടി തോമസ്

ജലവിഭവ വകുപ്പുമന്ത്രി

എ) ജലവിഭവ വകുപ്പ് ഭൂഗർഭ ജലത്തിന്റെ അളവ് സംബന്ധിച്ച് സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

എ) സംസ്ഥാനത്തെ ഭൂജലത്തിന്റെ അളവിനെ സംബന്ധിച്ചും ഭൂജലത്തിന്റെ ഉപഭോഗത്തെ സംബന്ധിച്ചുള്ള പഠനങ്ങൾ ഭൂജലവകുപ്പ് നടത്തുന്നുണ്ട്. ഇതിനായി സംസ്ഥാനത്ത് 871 നിരീക്ഷണ കിണറുകളിൽ നിന്നായി ഭൂജല വിതാനം രേഖപ്പെടുത്തുകയും ജലത്തിന്റെ ഗുണനിലവാര പരിശോധനയും നടത്തുന്നുണ്ട്. ഈ സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പും കേന്ദ്ര ഭൂജലബോർഡും സംയുക്തമായിട്ടാണ് ഭൂജലത്തിന്റെ അളവ് സംബന്ധിച്ച പഠനം നടത്തുന്നത്. ഇങ്ങനെയുള്ള റിപ്പോർട്ടുകൾ രണ്ട് വർഷം കൂടുമ്പോൾ പ്രസിദ്ധീകരിക്കുന്നുണ്ട്. 2011 മാർച്ച് വരെയുള്ള സ്ഥിതി വിവര കണക്കനുസരിച്ച് തയ്യാറാക്കിയ റിപ്പോർട്ട് 2013 മാർച്ചിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2011 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് ഭൂജലത്തിന്റെ ലഭ്യതയുടെയും ഉപഭോഗത്തിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് 'ഓവർ എക്സ്പ്ലോയിറ്റഡ് ' ബ്ലോക്ക് ആയി തരം തിരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകൾ ആയും കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി, പാനൂർ, തലശ്ശേരി, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വർ, കാറഡുക്ക കാഞ്ഞങ്ങാട്, കൊല്ലം ജില്ലയിലെ ചിറ്റുമല, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, തിരൂരങ്ങാടി, പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, നെടുമങ്ങാട്, പാറശ്ശാല, തൃശ്ശൂർ ജില്ലയിലെ തളിക്കുളം, മതിലകം, എറണാകുളം ജില്ലയിലെ

പാമ്പാക്കട, പാറക്കടവ്, വൈപ്പിൻ ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ ബ്ലോക്കുകൾ ആയും തരം തിരിച്ചിട്ടുണ്ട്. ബാക്കി 126 ബ്ലോക്കുകൾ സെയ്ഫ് (സുരക്ഷിത) വിഭാഗത്തിൽപ്പെടുന്നു.

ബി) സംസ്ഥാനത്ത് കിണറുകളുടെയും കുഴൽകിണറുകളുടെയും നിർമ്മാണത്തിന് ഏതെങ്കിലും നിയന്ത്രണം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ബി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ഉപഭോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 നിലവിലുണ്ട്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011 ലെ അദ്ധ്യായം 14, ചട്ടം 91 അനുസരിച്ച് പഞ്ചായത്തിന്റെ അനുവാദമില്ലാതെ പുതിയ കിണർ കുഴിക്കുവാൻ പാടില്ലാത്തതാകുന്നു. അതോടൊപ്പം അപേക്ഷകനായ വ്യക്തി പെർമിറ്റ് ലഭിക്കുന്നതിനായി ചട്ടം 93 (എ) പ്രകാരം ഭൂജലവകുപ്പിൽ നിന്നും അനുമതി വാങ്ങി പഞ്ചായത്തിൽ ഹാജരാക്കേണ്ടതാണ്.

സർക്കാർ വിജ്ഞാപനം ചെയ്തിരിക്കുന്ന ബ്ലോക്കുകളിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ ഏതൊരു വ്യക്തിയും പുതിയ കിണർ/കുഴൽ കിണർ നിർമ്മിക്കുന്നതിനും, പഴയ കിണർ/കുഴൽ കിണർ എന്നിവ ആഴപ്പെടുത്തുന്നതിനും ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമായും വാങ്ങേണ്ടതാണ്. അതോടൊപ്പം ഫ്ളാറ്റ് നിർമ്മാണം, കുപ്പിവെള്ള കമ്പനികൾ തുടങ്ങിയ അടിസ്ഥാന സൗകര്യപദ്ധതികൾ, വാണിജ്യ വ്യവസായ പദ്ധതികൾ എന്നിവയ്ക്ക് ഭൂജല വികസനം നടപ്പിലാക്കുമ്പോൾ, ജില്ലാതല ഇവാല്യവേഷൻ കമ്മിറ്റിയുടെ അനുമതി നിർബന്ധമായും വാങ്ങേണ്ടതുണ്ട്. പ്രസ്തുത പദ്ധതികൾക്ക് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൂടി വാങ്ങേണ്ടതാണ്.

സെക്ഷൻ ഓഫീസർ